# കേരള സർക്കാർ

## <u>സംഗ്രഹം</u>

മത്സ്യബന്ധന തുറമുഖ വകുപ്പ് - ബ്ലൂ റവല്യൂഷൻ പദ്ധതി - സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിൽ നിന്നും സർക്കാർ പിൻവലിച്ച തുക 7921000/-രൂപ അനുവദിക്കുന്നതിന് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

**സ.ഉ.(സാധാ) നം.94/2019/മ.ഉ.വ തീയതി,തിരുവനന്തപുരം, 05/02/2019**

പരാമർശം:- 1 സർക്കാർ ഉത്തരവ്(സാധാ)നം. 648/2018/മഉവ തീയതി 06.08.2018

2 ഫിഷറീസ് ഡയറക്ടറുടെ 19.01.2019തീയതിയിലെ C1/9380(1)/18 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

ബ്ലൂ റവല്യൂഷൻ പദ്ധതിയുടെ അനുബന്ധമായുള്ള വിവിധ പദ്ധതികൾക്കായി 2405-00-103-77(പി) ശീർഷകത്തിൽ അനുവദിച്ചിരുന്ന തുകയിൽ നിന്നും വിവിധ ജില്ലകളിലെ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്ന 10,02,89,000/- രൂപ സർക്കാർ പിൻവലിച്ചിരുന്നുവെന്നും, ഇത്തരത്തിൽ സർക്കാർ പിൻവലിച്ച തുകയിൽ നിന്നും 5 കോടി രൂപ മത്സ്യ കർഷകർക്ക് അനുവദിക്കുന്നതിന് ആവശ്യമാണെന്നും റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പരാമർശം(1) പ്രകാരം, 2018-19 സാമ്പത്തിക വർഷത്തിൽ ബ്ലൂ റവല്യൂഷൻ പദ്ധതിയുടെ അനുബന്ധമായുള്ള വിവിധ പദ്ധതികൾക്കായി 2405-00-103-77(പി) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും 5,00,00,000 (അഞ്ച് കോടി രൂപ) അനുവദിക്കുന്നതിന് ഫിഷറീസ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവായിരുന്നു.

ടി തുക തുക ജില്ലാ ഓഫീസർമാർക്ക് അനുവദിച്ചുവെന്നും, പ്രസ്തുത പദ്ധതി നിർവ്വഹണം ജില്ലകളിൽ സമയബന്ധിതമായി നടക്കുകയും ആയതിന്റെ പൂർത്തീകരണത്തിനായി 2,36,75,628/- രൂപ അനുവദിക്കണമെന്ന് ജില്ലാ ഓഫീസർമാർ വീണ്ടും ആവശ്യപ്പെടുകയുണ്ടായിയെന്നും, 2018-19 സാമ്പത്തിക വർഷത്തിൽ 2405-00-103-77 (പി) എന്ന ശീർഷകത്തിൽ ഉൾനാടൻ മത്സ്യവികസന പദ്ധതിയിൽ ഉൾപ്പെട്ട നീലവിപ്ലവം പദ്ധതിയുടെ അനുബന്ധമായുള്ള വിവിധ പദ്ധതികൾക്കായി 7.80 കോടി രൂപ വകയിരുത്തിയിട്ടുള്ളതിൽ 79,26,000/- രൂപ മാത്രമേ അവശേഷിക്കുന്നുള്ളൂവെന്നും, ആയതിനാൽ ബ്ലൂ റവല്യൂഷൻ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ അടിയന്തരമായ ചെലവുകൾ നിർവ്വഹിക്കുന്നതിനായി 2,36,75,628/- രൂപ ആവശ്യപ്പെട്ടതിൽ 79,21,000/- രൂപ 2405-00-103-77 (പി) ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശം (2) പ്രകാരം ഫിഷറീസ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. ബ്ലൂ റവല്യൂഷൻ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ അടിയന്തരമായ ചെലവുകൾ നിർവ്വഹിക്കുന്നതിനായി, 2018-19 സാമ്പത്തിക വർഷത്തിൽ 2405-00-103-77(പി) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും 79,21,000/- രൂപ (എഴുപത്തി ഒൻപത് ലക്ഷത്തി ഇരുപത്തി ഒന്നായിരം രൂപ മാത്രം) അനുവദിക്കുന്നതിന് ഫിഷറീസ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഗിരിജ കുമാരി.ജി**
**ജോയിന്റ് സെക്രട്ടറി**

ഫിഷറീസ് ഡയറക്ടർ , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, (എ & ഇ) കേരളം, തിരുവനന്തപുരം
ധനകാര്യവകുപ്പ്
ഡെപ്യൂട്ടി ഡയറക്ടർ II, വെബ് & ന്യൂ മീഡിയ, I&PRD
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ